# വീക്ഷണങ്ങൾ

*ഫാറൂഖ് കോളേജ് പൂർവ്വ വിദ്യാർത്ഥിയും അമേരിക്കയുടെ ഇറാഖ് ആക്രമണം നേരിട്ട് റിപ്പോർട്ട് ചെയ്ത മാധ്യമം ഗൾഫ് ബ്യൂറോ ചീഫ് എഡിറ്ററുമായ **എം.സി.എ. നാസറു**മായി മാഗസിനിൻ സമിതിക്കുവേണ്ടി ഒന്നാം വർഷ ബോട്ടണി വിദ്യാർത്ഥി അരുൺ ലാൽ നടത്തിയ അഭിമുഖത്തിൽനിന്ന്.*

സാമ്രാജ്യത്വം അതിന്റെ ക്രൂരതകൾ കാട്ടി ഇളിച്ചു നിൽക്കുമ്പോൾ ഇറാഖിൽ നിന്നുയരുന്ന ബാല്യങ്ങളുടെ രോദനം മാനവരാശിയെ പിടിച്ചുലക്കുന്നുവോ....?

ഇറാഖിന്റെ തെരുവോരങ്ങളിൽ യാഥാർത്ഥ്യങ്ങളറിയാൻ അലഞ്ഞു തിരിഞ്ഞ അപൂർവ്വം ചില പത്രപ്രവർത്തകരിലൊരാളായ എം.സി.എ. നാസറിനോട്...

*? സർ, ഇറാഖിൽ ജനിച്ചു വീഴുന്ന കുഞ്ഞുങ്ങളുടെ അവസ്ഥ എന്താണിപ്പോൾ?*

ക്ലസ്റ്റർ ബോംബുകളുടെ സംഗീതം കേട്ടുറങ്ങുന്ന ബാല്യങ്ങളാണ് ഇറാഖിലുള്ളത്. ഇന്ന് ജനിച്ചു വീഴുന്ന കുട്ടികളിൽ അധികവും ജനിതക വൈകല്യങ്ങളും അരജീവിതങ്ങളും ചാപിള്ളകളുമൊക്കെയാണ്.

*? ഇറാഖിലെ അമ്മമാരെക്കുറിച്ച്.....*

മക്കളുണ്ടാകരുതെന്ന് മനം നൊന്ത് പ്രാർത്ഥിക്കുന്ന സ്ത്രീകളെ ഇറാഖിൽ മാത്രമേ കാണാൻ കഴിയൂ. അത്ര ദയനീയമാണ് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും അവസ്ഥ.

*? ജനിതക വൈകല്യങ്ങൾ ഏറിവരുന്നു എന്ന് സാർ പറഞ്ഞല്ലോ, ഈ അവസ്ഥ തുടർന്നാൽ ഭാവിയിൽ ഇറാഖിൽ ജനിതക വൈകല്യങ്ങൾ ബാധിച്ചവർ മാത്രമേ ഉണ്ടാകൂ എന്ന് കരുതുന്നുണ്ടോ?*

തീർച്ചയായും. ഈ അവസ്ഥ തുടർന്നാൽ ജനിതക വൈകല്യങ്ങൾ ബാധിച്ച ഒരു പറ്റം ആൾക്കാരുടെ ഭ്രാന്താലയമാവും ഇറാഖിന്റെ ഭാവി. ഇതു തന്നെയായിരിക്കും സാമ്രാജ്യം മനസ്സിൽ കാണുന്നതും. പ്രതിരോധിക്കുന്നവരെയാകെ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കുക.

*? അന്താരാഷ്ട്ര ഉപരോധത്തിന് ശേഷമുണ്ടായ ഇറാഖ് അധിനിവേശത്തിൽ ആരോഗ്യ രംഗമാകെ തകർന്നു പോയെന്ന വസ്തുത ശരിയാണോ?*

ശരിയാണ്. പക്ഷെ ഉപരോധത്തിന് ശേഷം എന്നുള്ളതിനോട് യോജിക്കുന്നില്ല. ഉപരോധം തുടങ്ങിയ കാലം മുതൽക്കു തന്നെ മരുന്നുകളുടെ വിതരണത്തിൽപ്പോലും ദൗർഭല്യമുണ്ടായി. ഓപ്പറേഷനുകൾ നടത്താൻ വേണ്ടി വേദനസംഹാരികളോ അനസ്തേഷ്യക്കുള്ള മരുന്നുകളോ ഇന്നിവിടെ ലഭ്യമല്ല. പച്ചമാംസത്തിൽ ശസ്ത്രക്രിയ നടത്തുമ്പോൾ കുട്ടികൾ നിലവിളിക്കുന്നത് സഹിക്കാവുന്നതിനപ്പുറമാണ്. ക്ലസ്റ്റർ ബോംബുകളും രാസായുധങ്ങളും നിത്യേന വർഷിക്കുന്നതിന്റെ ഫലമായി വന്നു ചേരുന്ന ജനിതക വൈകല്യങ്ങളെ പ്രതിരോധിക്കാനോ പടർന്നു പിടിക്കുന്ന കോളറക്ക് ശമനം ഉണ്ടാക്കാനോ ഇന്നിവിടെ ആരുമില്ല. തകർക്കപ്പെട്ട ആശുപത്രികളുടെ വരാന്തയിൽ കുമിഞ്ഞു കൂടുന്ന ശവ ശരീരങ്ങൾക്കൊപ്പം മുറിവേറ്റവർ തേങ്ങലുകളുമായി കഴിഞ്ഞു കൂടുന്നു.

*? യുദ്ധ ഭൂമിയിലെ വിദ്യാഭ്യാസത്തെക്കുറിച്ച്....*

ഇന്നവിടെ സ്കൂളുകളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല. ഈ അവസ്ഥ തുടർന്നാൽ വിവരവും വിജ്ഞാനവും ഇല്ലാത്ത, കൈത്തോക്കുകൾ മാത്രം ഏന്താനറിയാവുന്ന തലമുറയായിരിക്കും രൂപപ്പെടുക.

*? ഈ യുദ്ധം മൂലം കുട്ടികളിൽ ഉണ്ടാവുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച്....*

ഇന്ന് ഇറാഖിലെ കുട്ടികൾ കാണുന്നത് ക്രൂരതകളുടെ ചിത്രങ്ങളാണ്. അവനിൽ അത് മാനസിക പിരിമുറുക്കവും വിഭ്രാന്തിയും ഉളവാക്കും മനഃശാസ്ത്രജ്ഞരുടെ ഭാഷയിൽ ഇത്തരക്കാരിൽ അക്രമവാസന കൂടുതലായിരിക്കും.

*? സാമ്രാജ്യത്വ വിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്ക്?*

കുട്ടികൾ സ്വയം മനഃപാഠമാക്കുന്ന കാര്യമാണ് തോക്കുകളുടെ ഉപയോഗം. അതവൻ സാമ്രാജ്യത്വത്തിന് നേരെ പ്രയോഗിക്കുന്നു. ചെറുത്തുനിൽപ്പിൽ കുട്ടികൾക്കും ചെറിയൊരു പങ്കുണ്ട്. നജഫ്, ബസ്ര, ഉമ്മുഖസർ... പോലുള്ള സ്ഥലങ്ങളിൽ ശക്തമായി പോരാട്ടം ഇന്നും നിലനിൽകകുന്നു. ഏതോ ഒരു ശക്തി അവരെ നയിക്കുന്നുണ്ട്. അവരുടെ നേതൃത്വത്തിൽ ശക്തമായ പോരാട്ടവും. ഷിയാ വിഭാഗം സാമ്രാജ്യ

ത്വത്തെ അനുകൂലിക്കുമെന്ന് കരുതിയവർക്ക് തെറ്റി. ഇന്നവിടെ ശക്തമായ പ്രതിഷേധങ്ങൾ അലയടിക്കുന്നു. സദ്ദാമിനനുകൂലമായ തരംഗവും ഉണ്ട്. എതിരാളികളെ തുറങ്കലടയ്ക്കുകയാണ് സദ്ദാം ചെയ്തതെങ്കിൽ ഇന്ന് അബുഗരീബ് ജയിലുകളിൽ മൃഗീയതയാണ് നടക്കുന്നത്.

*? അബു ഗരീബ് ജയിലുകളിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കാമോ?*

ഇന്ന് അബുഗരീബ് ജയിലുകളിൽ നടക്കുന്നത് മാനസിക വിഭ്രാന്തി പിടിപെട്ട ഒരുപറ്റം സാമ്രാജ്യത്വ സൈനീകരുടെ കാട്ടിക്കൂട്ടലുകളാണ്. കാരണം ഉറ്റവരെയും ഉടയവരെയും കാണാതെ മാസങ്ങളായി തടവറയ്ക്ക് കാവലിക്കുന്ന സൈനീകരുടെ മാനസിക നില തെറ്റിയിട്ടുണ്ടാവാം. ആ ദേഷ്യം മുഴുവൻ തീർക്കുന്നതും മൃഗീയ വിനോദങ്ങളും ആകാം അത്.....

തച്ചുടയ്ക്കപ്പെട്ട സ്വപ്നങ്ങളുമായ് തെരുവോരങ്ങളിൽ അന്തിയുറങ്ങുന്ന ഇറാഖിലെ കുട്ടികൾക്ക് മുന്നിൽ സാമ്രാജ്യത്തം 'ക്ലസ്റ്റർ ചോക്ലേറ്റുകൾ' വിതറുമ്പോൾ.... പണക്കിഴികൾ കണ്ട് മഞ്ഞളിച്ചു നിൽക്കുന്ന ഒരു പറ്റം 'പപ്പറ്റുകൾ' ഇറാഖ് വാഴുമ്പോൾ എണ്ണപ്പാടങ്ങളുള്ള മരുഭൂമിയായ് ഇറാഖ് മാറുമോ അതോ സാമ്രാജ്യത്ത ശക്തികളെ തൂത്തെറിഞ്ഞ് മാനവരാശിയുടെ അഭിമാനമാകുമോ...?

❖





# വീക്ഷണങ്ങൾ

(മാഗസിൻ സമിതിക്കുവേണ്ടി മഞ്ചേരി മണ്ഡലം എം.പി.യും ഫാറൂഖ് കോളേജ് പൂർവ്വ വിദ്യാർത്ഥിയുമായ **ടി.കെ. ഹംസ**യുമായി വിജീഷ് പി. നടത്തിയ അഭിമുഖത്തിൽനിന്ന്)

ടി.കെ.ഹംസ രാഷ്ട്രീയരംഗത്ത് എന്നും ആശ്ചര്യമാണ്. വർഷങ്ങളായി കേരളത്തിലെ രാഷ്ട്രീയ- സാമൂഹ്യ സമസ്യകളോട് തന്റേതായ രീതിയിൽ ഹംസ പ്രതികരിച്ചിട്ടുണ്ട്. അപ്രാപ്യമായ രാഷ്ട്രീയ വിജയങ്ങൾ കൈവരിച്ച ഹംസ രാഷ്ട്രീയം മാറ്റിവച്ച് ചില സാമൂഹ്യ ഇടപെടലുകൾ നടത്തുകയാണിവിടെ.

*1. രാഷ്ട്രീയ സാമൂഹിക രംഗത്തെ ഇത്രയും കാലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പുതുതലമുറയെ എങ്ങനെ വിലയിരുത്തുന്നു?*

പുതിയ തലമുറ എല്ലാ കാര്യത്തിലും എടുത്തുചാട്ട പ്രവണത കാണിക്കുന്നതായി തോന്നുന്നു. ഇതിനു കാരണം മുഖ്യമായും നിലനിൽക്കുന്ന സാമൂഹ്യ സാഹചര്യം തന്നെയാണ്. സാങ്കേതിക രംഗത്തുണ്ടായ മാറ്റങ്ങൾ ജീവിതത്തെ കൂടുതൽ സുഖപ്രദമാക്കുമ്പോൾ ആർഭാടപരമായി ജീവിക്കുവാനുള്ള ത്വര യുവാക്കളിൽ സ്വാഭാവികമായും ഉണ്ടാകുന്നു. ഈ അവസ്ഥയിലാണ് യുവാക്കൾ വഴിപിഴക്കുന്നത്. നമുക്കിവയെല്ലാം ആഗോളവൽക്കരണ ഉപോൽപ്പന്നമെന്ന് പറഞ്ഞ് തള്ളിക്കളയാമെങ്കിലും പൂർണ്ണമായും അതിനോട് യോജിക്കാൻ കഴിയുന്നതല്ല. ആഗോളവൽക്കരണം എന്ന സാമൂഹിക യാഥാർത്ഥ്യത്തെ ദുരുപയോഗപ്പെടുത്തുമ്പോൾ മാത്രമാണ് അത് യുവത്വത്തെ കീഴ്പ്പെടുത്തുന്നത്.

*2. ഇന്നത്തെ കുട്ടികളിൽ സാമൂഹ്യ പ്രവർത്തനം, സേവന സന്നദ്ധത എന്നിവ കുറഞ്ഞുവരുന്നുണ്ടോ?*

ആ തരത്തിലുള്ള ഒരു വിലയിരുത്തൽ ശരിയല്ല. സാമൂഹ്യ പ്രവർത്തനങ്ങളിൽ നിന്നുള്ള ഒഴിഞ്ഞുമാറ്റം ഒരു പുതിയ പ്രവണതയല്ല. ഇത് കാലാകാലങ്ങളായി സമൂഹത്തിൽ നിലനിൽക്കുന്നു. പൂർണ്ണമായും സാമൂഹിക ഇടപെടലുകൾ നടത്തുന്ന ജനവിഭാഗത്തെ ഒരു സാഹചര്യത്തിലും കാണുവാൻ സാധിക്കുകയില്ല. ചോദ്യങ്ങൾ ചോദിക്കുന്ന പ്രവണത പലപ്പോഴും ചെറുന്യൂനപക്ഷങ്ങളിൽ നിന്നു മാത്രമേ ഉയരാറുള്ളു. അവർക്കാകട്ടെ പലപ്പോഴും ബഹുഭൂരിപക്ഷത്തിന്റെ ശകാരങ്ങൾ ഏറ്റുവാങ്ങേണ്ടിവരികയും ചെയ്യുന്നു.

*3. വിദ്യാഭ്യാസം എന്നത് Career - oriented എന്നതിലേക്ക് ചുരുങ്ങുമ്പോൾ....*

രക്ഷാകർത്തൃ സമൂഹത്തിൽ ഒരു വിഭാഗം മാത്രം കാണിക്കുന്ന മാനസികവിഭ്രാന്തി മാത്രമാണ് ഈ "carrierism'. രക്ഷാകർത്താക്കൾ പുലർത്തുന്ന ഈ സ്വാർത്ഥ മനോഭാവം പിൽക്കാലത്ത് അവർക്ക് ഒരു തിരിച്ചടിയായി വന്നേക്കാം. കേരളത്തിൽ വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ ഇത് ശരിവയ്ക്കുന്നു.

*4. കേരളത്തിലെ നവീന വിദ്യാഭ്യാസ പരിഷ്കരണ നയങ്ങളെ എങ്ങനെ വിലയിരുത്തുന്നു?*

വളർച്ചയെത്താത്ത ഒരു കുട്ടിക്ക് പൂർണ്ണ വളർച്ചയെത്തിയ ഒരു വ്യക്തിയുടെ ഭക്ഷണം അനിയന്ത്രിതമായി കൊടുത്താൽ ആ കുട്ടി (സമൂഹം) എങ്ങനെ അപകടം ക്ഷണിച്ചുവരുത്തുന്നുവോ അതുപോലെയാണ് അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ തള്ളിക്കയറ്റം വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്നത്. സ്വാശ്രയ സമ്പ്രദായം പൂർണ്ണമായും തള്ളിക്കളയാൻ സാധിക്കുകയില്ല. കച്ചവടതാൽപ്പര്യത്തോടെ മുന്നോട്ടുവരുന്ന മാനേജ്മെന്റുകളും അവർക്ക് യാതൊരു മാനദണ്ഡങ്ങളുടെ അടിസ്ഥാനവുമില്ലാത്ത അനുമതിപത്രങ്ങൾ നൽകുകയും ചെയ്യുന്ന ഗവൺമെന്റ് നയങ്ങളുമാണ് അപകടം ക്ഷണിച്ചുവരുത്തുന്നത്.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇവിടെ ഭരണഘടനാപരമായ സംരക്ഷണം നിലനിൽക്കുന്നു. എന്നാൽ ചില മാനേജ്മെന്റുകളുടെ സ്വാർത്ഥതാൽപ്പര്യങ്ങൾ ഈ മേഖലയിൽ അരാജകത്വം സൃഷ്ടിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ പ്രക്ഷോഭങ്ങളെ ഇതുമായി കൂട്ടിവായിക്കേണ്ടിയിരിക്കുന്നു. കാവിവൽക്കരണത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽ സംഘപരിവാർ ശക്തികൾ നടത്തിയ 'മസ്തിഷ്കപ്രക്ഷാളനം' തടയുക എന്നതുതന്നെയാവണം കേന്ദ്രത്തിലെ പുതിയ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സുപ്രധാനം.

*5. എയ്ഡ്സ് ബാധിത ബാല്യങ്ങളോട് കേരള സമൂഹം പുലർത്തുന്ന വിവേചനം അവന്റെ 'പ്രബുദ്ധത'യെ ചോദ്യം ചെയ്യുന്നില്ലേ?*

എയ്ഡ്സിനെക്കുറിച്ച് അവബോധമുള്ള മലയാളിക്ക് പ്രബുദ്ധതയുടെ കുറവൊന്നുമില്ല. മറിച്ച് സ്വന്തം മക്കളെ അവരിൽനിന്ന് മാറ്റിനിർത്തുന്നതിലൂടെ മലയാളി അവന്റെ സങ്കുചിതത്വം വെളിപ്പെടുത്തുകയാണ്. വിവേചന സംസ്കാരത്തിന്റെ പുത്തൻ തലങ്ങളായി വേണം എയ്ഡ്സിനെ വിലയിരുത്തുവാൻ. സാമ്രാജ്യത്വം മൂന്നാംലോകരാജ്യങ്ങളുടെമേൽ കുത്തിവെച്ച മാരക വിപത്താണ് എയ്ഡ്സ് എന്ന ശക്തമായ വാദം നിലനിൽക്കുന്നു. കേരളത്തെ നാളികേര മേഖലയെ തകർക്കാൻ മുതലാളിത്തം നടത്തിയ കരുനീക്കമായിരുന്നു 'മണ്ഡരിബാധ.'

❖